
# കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താമാർ




കടവിൽ
മോർ അത്താനാസ്യോസ്
(1877–1907)




പുലിക്കോട്ടിൽ
മോർ ദിവന്നാസ്യോസ് (II)
(1907–1909)




കൊച്ചുപറമ്പിൽ പരി. പൗലോസ്
മോർ കൂറിലോസ്
(1909–1917)




പരി. പൗലോസ്
മോർ അത്താനാസ്യോസ്
(1917–1927)



മീഖായേൽ
മോർ ദിവന്നാസ്യോസ്
(1927–1956)



പൗലോസ്
മോർ പീലക്സിനോസ്
(1956–1964)



കുര്യാക്കോസ്
മോർ ഗ്രീഗോറിയോസ്
(1964–1965)



മാത്യൂസ്
മോർ ഈവാനിയോസ്
(1965–1974)




ശ്രേഷ്ഠ ബസേലിയോസ്
പൗലോസ് ദ്വിതീയൻ ബാവാ
(1974–1982)



തോമസ്
മോർ ഒസ്താത്തിയോസ്
(1975–1980)



ഡോ. ഗീവർഗീസ്
മോർ ഗ്രീഗോറിയോസ്
(1982–1999)



തോമസ്
മോർ തീമോത്തിയോസ്
(1999–)

Syriacchurch.org

## 1. കടവിൽ മോർ അത്താനാസ്യോസ് (1877–1907)

വടക്കൻപറവൂർ പള്ളി ഇടവകാംഗമായ കടവിൽ പൗലോസ് കശീശയെ പരി. പത്രോസ് തൃതീയൻ ബാവാ മോർ അത്താനാസ്യോസ് എന്ന സ്ഥാനനാമത്തിൽ മെത്രാനാക്കി. തുടർന്ന് അദ്ദേഹത്തെ കോട്ടയത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി പരി. പാത്രിയർക്കീസ് ബാവാ നിയമിച്ചു. തിരുമേനിയുടെ ശ്രമഫലമായി വിവിധ സ്ഥലങ്ങളിൽ പുതിയ ദൈവാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. നല്ലൊരു ആർക്കിടെക്റ്റ് കൂടിയായിരുന്ന തിരുമേനി പുതുതായി പണിയുന്ന പള്ളികളുടെ പ്ലാൻ വരച്ചു കൊടുക്കുമായിരുന്നു. മണർകാട്ടെ കരോട്ടെ പള്ളി ഇപ്രകാരം തിരുമേനി രൂപകല്പന ചെയ്തിരുന്നതാണ്. അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയുടെ കാലശേഷം അങ്കമാലി ഭദ്രാസനത്തിന്റെ അധിക ചുമതലകൂടി കടവിൽ തിരുമേനിയിൽ നിക്ഷിപ്തമായി. തിരുമേനി സ്ഥാപിച്ചതാണ് ആലുവ തൃക്കുന്നത്ത് സെമിനാരി. 1907 നവംബർ–2 ന് തിരുമേനി കാലംചെയ്ത് ആലവ സെന്റ് മേരീസ് പള്ളിയിൽ കബറടങ്ങി.

## 2. പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് (II) (1907–1909)

കടവിൽ തിരുമേനിയുടെ കാലശേഷം മലങ്കരയുടെ മോർ ദിവന്നാസ്യോസ് (പുലിക്കോട്ടിൽ) തിരുമേനി കോട്ടയം ഭദ്രാസനം ഭരിച്ചു. വയോവൃദ്ധനായ തിരുമേനിക്ക് ഭദ്രാസനത്തിനായി കാര്യമായി ഒന്നും ചെയ്യാൻ സാധിച്ചില്ല. 1909 ൽ തിരുമേനി കാലംചെയ്ത് പഴയസെമിനാരി ചാപ്പലിൽ കബറടങ്ങി.

## 3. കൊച്ചുപറമ്പിൽ മോർ കൂറിലോസ് (1909–1917)

മുളന്തുരുത്തി പള്ളി ഇടവകാംഗമായ കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെ 1908 ൽ യറുശലേമിൽവച്ച് പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവാ മെത്രാപ്പോലീത്തയായി വാഴിച്ചു. തിരുമേനിയോടൊപ്പം വട്ടശേരിൽ ഗീവർഗീസ് മല്പാനും മെത്രാൻസ്ഥാനാഭിഷിക്തനായി. പുലിക്കോട്ടിൽ തിരുമേനിയുടെ പിൻഗാമിയായി വട്ടശേരിൽ മോർ ദിവന്നാസ്യോസ് തിരഞ്ഞെടുക്കപ്പെട്ടു. പുലിക്കോട്ടിൽ തിരുമേനിയുടെ കാലശേഷം കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് കോട്ടയം ഭദ്രാസനത്തിന്റെ ചുമതല നിർവ്വഹിച്ചു. വൈദിക, അൽമായ ട്രസ്റ്റിമാരെ അവഗണിച്ച് സഭാ ഭരണം നടത്താൻ ശ്രമിച്ച വട്ടശേരിൽ തിരുമേനിയുടെ നിലപാട് സഭയിൽ പ്രതിസന്ധി സൃഷ്ടിച്ചു. 1911–ൽ വട്ടശേരിൽ മോർ ദിവന്നാസ്യോസ് മുടക്കപ്പെട്ടു. അലുവയിൽ ചേർന്ന പള്ളിപ്രതിപുരുഷയോഗം കൊച്ചുപറമ്പിൽ തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തയായി തിരഞ്ഞെടുത്തു. വട്ടശേരിൽ തിരുമേനിയുടെ അനുകൂലികൾ കൊച്ചുപറമ്പിൽ തിരുമേനിയെ കോട്ടയം പഴയ സെമിനാരിയിൽ നിന്ന് ഇറക്കിവിട്ടു. കോട്ടയം പാണംപടി പള്ളിയിൽ താമസിച്ചുകൊണ്ട് തിരുമേനി സഭയുടെയും ഭദ്രാസനത്തിന്റെയും ഭരണം സുഗമമായി നിർവ്വഹിച്ചു. 1917 ഡിസംബർ 14–ന് കാലംചെയ്ത് പാണംപടി പള്ളിയിൽ കബറടങ്ങി.

syrianchurch.org

## 4. പരി. പൗലോസ് മോർ അത്താനാസ്യോസ് (ആലുവ) (1917–1927)

അങ്കമാലി –അകപ്പറമ്പ് പള്ളി ഇടവകാംഗമായ പൗലോസ് റമ്പാൻ 1910 –ൽ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. അകപ്പറമ്പ് പള്ളിയിൽ വച്ച് പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവായാണ് പൗലോസ് റമ്പാനെ, മോർ അത്താനാസ്യോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചത്. കൊച്ചുപറമ്പിൽ തിരുമേനിയുടെ കാലശേഷം മോർ അത്താനാസ്യോസ് തിരുമേനി മലങ്കര മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ടു. മലങ്കരയിലെ 7 ഭദ്രാസനങ്ങളുടെയും ചുമതല തിരുമേനിയിലായി. കോട്ടയത്തിന്റെയും നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെയും ചുമതലയ്ക്കായി 1927–ൽ പുതിയ മെത്രാപ്പോലീത്ത വാഴിക്കപ്പെടുംവരെ ഈ നില തുടർന്നു. ആലുവ തൃക്കുന്നത്ത് സെമിനാരി കേന്ദ്രമാക്കി സഭാഭരണം നിർവ്വഹിച്ച പരി. പിതാവ് 1953 ജനുവരി 25–ന് കാലം ചെയ്ത് ആലുവ സെന്റ് മേരീസ് പള്ളിയിൽ കബറടങ്ങി.

## 5. മീഖായേൽ മോർ ദിവന്നാസ്യോസ് (1927–1956)

കായംകുളം കാദീശാപള്ളി ഇടവകാംഗമായ ആലുംമൂട്ടിൽ മിഖായേൽ കശീശ കാദീശാപള്ളി വികാരിയും ശ്രീമൂലം പ്രജാസഭാംഗവുമായിരുന്നു. കോട്ടയം ഭദ്രാസനത്തിനുവേണ്ടി മിഖായേൽ കശീശയെ തിരഞ്ഞെടുക്കുകയും കുർക്കുമാ ദയറായിൽവച്ച് 1927–ൽ പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ, മോർ ദിവന്നാസ്യോസ് എന്ന സ്ഥാനനാമത്തിൽ മെത്രാപ്പോലീത്തയായി വാഴിക്കുകയും ചെയ്തു. നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതലയും തിരുമേനിക്ക് ലഭിച്ചു. പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അചഞ്ചലമായ കൂറും ഭക്തിയും മുഖം നോക്കാതെയുള്ള അഭിപ്രായ പ്രകടനങ്ങളും സർവ്വോപരി നിർമ്മലമായ ദൈവഭക്തിയും ലളിത ജീവിതവും തിരുമേനിയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കി. തൃക്കോതമംഗലം ശർബീൽ ദയറാ കേന്ദ്രീകരിച്ച് കുറച്ചുകാലം തിരുമേനി ഭരണം നടത്തി. തിരുമേനിയുടെ അവസാനകാലം ചെലവഴിക്കാൻ തിരുമേനി തിരഞ്ഞെടുത്തത് പാണംപടി പള്ളിയായിരുന്നു. 1956 ജനുവരി 18–ന് കാലം ചെയ്ത് തന്റെ ഗുരുഭൂതൻ മോർ കൂറിലോസ് തിരുമേനിയുടെ കബറിടത്തിനടുത്ത് കബറടങ്ങി.

## 6. പൗലോസ് മോർ പീലക്സിനോസ് (1956–1964)

ചെറായി സെന്റ് മേരീസ് പള്ളി ഇടവകാംഗമായ പുതുശേരിൽ പൗലോസ് കശീശ കണ്ടനാട് ഭദ്രാസനത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടു. 1952–ൽ ഹോംസിലെ പാത്രിയർക്കാ ദൈവാലയത്തിൽ വച്ച് പരി. അപ്രേം പ്രഥമൻ ബാവായാൽ മോർ പീലക്സിനോസ് എന്ന സ്ഥാനനാമത്തിൽ മെത്രാഭിഷിക്തനായി. കണ്ടനാട് ഭദ്രാസനാധിപനായി പ്രവർത്തിച്ചു വരവെ തിരുമേനിയെ കോട്ടയം ഭദ്രാസനത്തിന്റെ അസിസ്റ്റന്റായി പാത്രിയർക്കീസ് ബാവാ നിയമിച്ചു. മിഖായേൽ തിരുമേനിയുടെ കാലശേഷം കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയായി നിയമിതനായി.

1958–ൽ സഭയിൽ സമാധാന കൽപ്പനകൾ കൈമാറ്റം ചെയ്യപ്പെട്ടുവെങ്കിലും ദേവലോകം നേതൃത്വത്തിന്റെ വഞ്ചനാപരമായ സമീപനങ്ങൾമൂലം സഭാസമാധാനം ഒരു മരീചികയായി തീർന്നു. പരി. അന്ത്യോഖ്യാ സിംഹാസന ഭക്തരുടെ ആശയും അഭിലാഷവുമായി മോർ പീലക്സിനോസ് തിരുമേനി നിലയുറപ്പിച്ചു. കോട്ടയം ഭദ്രാസനം പൂർണ്ണ

മായി തിരുമേനിക്ക് വിധേയപ്പെട്ടു നിന്നു. 1964–ൽ പരി. യാക്കോബ് തൃതീയൻ ബാവാ മലങ്കരയിലെത്തി കാതോലിക്കാ വാഴ്ച നടത്തുംവരെ ഈ നില തുടർന്നു. 1964 ൽ ബാവാപക്ഷ കോട്ടയം ഭദ്രാസനവും മെത്രാൻപക്ഷ കോട്ടയവും ഒന്നായി മാറി.

## 7. കുര്യാക്കോസ് മോർ ഗ്രീഗോറിയോസ് (1964–1965)

പാമ്പാടി വലിയപള്ളി ഇടവകാംഗമായ പേഴമറ്റത്ത് കുര്യാക്കോസ് റമ്പാൻ 1912–ലെ സഭാവിഭജന കാലത്ത് മെത്രാൻപക്ഷത്ത് നിലയുറപ്പിച്ചു. 1929–ൽ മെത്രാൻപക്ഷ കാതോലിക്കാ ഗീവർഗീസ് ദ്വിതീയൻ ബാവാ കുര്യാക്കോസ് റമ്പാനെ മോർ ഗ്രീഗോറിയോസ് എന്ന സ്ഥാനനാമത്തിൽ മെത്രാനായി വാഴിച്ചു. മെത്രാൻപക്ഷ കോട്ടയം ഭദ്രാസനത്തിന്റെ ചുമതല തിരുമേനിക്ക് ലഭിച്ചു. തിരുമേനിയുടെ പ്രാർത്ഥനാ ജീവിതവും ലാളിത്യവും കക്ഷിഭേദമെന്യേ എല്ലാവരാലും അംഗീകരിക്കപ്പെട്ടതാണ്. മിഖായേൽ മോർ ദിവന്നാസ്യോസ് തിരുമേനിയുമായി നല്ല വ്യക്തിബന്ധം ഇദ്ദേഹം നിലനിർത്തിയിരുന്നു. 1964 –ൽ പരി. യാക്കോബ് തൃതീയൻ ബാവാ പുതിയ കാതോലിക്കാ ബാവായെ വാഴിച്ചതോടെ സഭയിൽ പൂർണ്ണ ഐക്യം സ്ഥാപിതമായി. തുടർന്ന് ബാവാ–മെത്രാൻപക്ഷ കോട്ടയം ഭദ്രാസനങ്ങൾ യോജിപ്പിക്കുകയും യോജിച്ച കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി മോർ ഗ്രീഗോറിയോസ് നിയമിതനാകുകയും ചെയ്തു. 1965 ഏപ്രിൽ 5–ാം തീയതി തിരുമേനി കാലംചെയ്ത് പാമ്പാടി പൊത്തൻപുറം ദയറായിൽ കബറടങ്ങി.

## 8. മാത്യൂസ് മോർ ഈവാനിയോസ് (1965–1974)

പുതുപ്പള്ളി വലിയപള്ളി ഇടവകാംഗമായ പാറേട്ട് മാത്യൂസ് ശെമ്മാശൻ സഭാവിഭജന കാലത്ത് മെത്രാൻപക്ഷത്ത് നിലയുറപ്പിച്ചു. 1953–ൽ മെത്രാൻ പക്ഷ കാതോലിക്കാ ഗീവർഗീസ് ദ്വിതീയൻ ബാവാ ഇദ്ദേഹത്തെ മോർ ഈവാനിയോസ് എന്ന നാമത്തിൽ മെത്രാനായി വാഴിച്ചു. മെത്രാൻപക്ഷ കോട്ടയം ഭദ്രാസന സഹായമെത്രാനായി ദീർഘകാലം പ്രവർത്തിച്ചു. 1965–ൽ പാമ്പാടി മോർ ഗ്രീഗോറിയോസിന്റെ കാലശേഷം കോട്ടയത്തിന്റെ മെത്രാപ്പോലീത്തയായി. 1972–ന് ശേഷം ഉണ്ടായ സഭാവിഭജന കാലത്ത് ഇദ്ദേഹം കാതോലിക്കാ പക്ഷത്തെ പിന്തുണച്ചു. 1975–ൽ പരി. പാത്രിയർക്കീസ് ബാവാ മോർ ഈവാനിയോസിനെ മുടക്കിയതുവരെ ഭദ്രാസന മെത്രാപ്പോലീത്തയായി തുടർന്നു.

## 9. ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ (1974–1982)

സഭയിൽ 1972–ന് ശേഷം ആരംഭിച്ച കക്ഷി മത്സരങ്ങൾ കോട്ടയം ഭദ്രാസനത്തിലും പ്രതിഫലിച്ചു. കോട്ടയം ഭദ്രാസനത്തിന്റെ ചുമതല പൗലോസ് മോർ പീലക്സിനോസ് തിരുമേനിയിൽ എത്തിച്ചേർന്നു. 1975–ൽ തിരുമേനിയെ പുതിയ കാതോലിക്കാ ബാവായായി വാഴിച്ചു. 1982–വരെ കോട്ടയത്തിന്റെ ചുമതല ശ്രേഷ്ഠ ബാവായ്ക്കായിരുന്നു.

syrianchurch.org

## 10. തോമസ് മോർ ഒസ്താത്തിയോസ് (1975–1980)

വടകരപള്ളി ഇടവകാംഗമായ സീതാർകുഴി തോമസ് കശീശയെ പരി. യാക്കോബ് തൃതീയൻ ബാവാ മോർ ഒസ്താത്തിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. ശ്രേഷ്ഠ ബാവായുടെ സഹായകനായി 1975 മുതൽ 1980 വരെ തിരുമേനി ഭദ്രാസനത്തെ നയിച്ചു. 1982–ൽ തിരുമേനിക്ക് കൊച്ചി ഭദ്രാസനത്തിന്റെ പൂർണ്ണചുമതല ലഭിച്ചു.

## 11. ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് (1982–1999)

പുതുപ്പള്ളി വലിയപള്ളി ഇടവകാംഗമായ പറപ്പള്ളിൽ ഗീവർഗീസ് കശീശയെ 1973–ൽ കൊച്ചി ഭദ്രാസനത്തിനായി തെരഞ്ഞെടുത്തു. പരി. യാക്കോബ് തൃതീയൻ ബാവാ, മോർ ഗ്രീഗോറിയോസ് എന്ന സ്ഥാനനാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു (തിരുമേനിയോടൊപ്പമാണ് ഇപ്പോഴത്തെ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായും മെത്രാഭിഷിക്തനായത്). 1976 മുതൽ 1982 വരെ കൊച്ചി ഭദ്രാസന ചുമതല തിരുമേനിക്കായിരുന്നു. 1980–ൽ കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്തയായി നിയമിതനായി. 1982–ൽ പൂർണ്ണ ചുമതലയേറ്റു. ചുരുങ്ങിയ കാലയളവിൽ കോട്ടയത്ത് ശാസ്ത്രിറോഡിനു സമീപം സ്ഥലം വാങ്ങി, സെന്റ് ജോസഫ്സ് കത്തീഡ്രൽ സ്ഥാപിച്ചു. മികച്ച സംഘാടകനും വാഗ്മിയും, അനുഗൃഹീത കവിത്വ പ്രതിഭയുമായിരുന്നു മോർ ഗ്രീഗോറിയോസ് തിരുമേനി. 1996–ൽ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ കാലം ചെയ്തതിനെ തുടർന്ന് പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡന്റ്സ്ഥാനം സ്തുത്യർഹമായി തിരുമേനി നിർവ്വഹിച്ചു. 1999 ഫെബ്രുവരി 22–ന് ആകസ്മികമായി തിരുമേനി കാലംചെയ്യുകയും പെരുമ്പള്ളി സിംഹാസനപള്ളിയിൽ കബറടങ്ങുകയും ചെയ്തു.

## 12. തോമസ് മോർ തീമോത്തിയോസ് (1999–)

കോട്ടയം അരീപ്പറമ്പ് സെന്റ് മേരീസ് പള്ളി ഇടവകാംഗമായ എം. കെ. തോമസ് കശീശയെ ബാഹ്യകേരള ഭദ്രാസനത്തിനുവേണ്ടി 1991–ൽ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ മോർ തീമോത്തിയോസ് എന്ന സ്ഥാനനാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1999–ൽ പെരുമ്പള്ളി മോർ ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്തതിനെത്തുടർന്ന് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയായി മോർ തീമോത്തിയോസ് സ്ഥാനമേറ്റു. കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രൽ മോടിയാക്കുകയും പള്ളിയോടു ചേർന്ന് ബിഷപ്പ്ഹൗസ് പണികഴിപ്പിച്ചതു കൂടാതെ ഭദ്രാസനത്തിൽ നടന്നുവരുന്ന പ്രാർത്ഥനാസമാജം, കൃപാമിനിസ്ട്രി, ആശ്രയ ഗൈഡൻസ് സെന്റർ തുടങ്ങിയ പ്രസ്ഥാനങ്ങൾ ഈ കാലഘട്ടത്തിൽ ആരംഭിച്ചു.

syriacchurch.org

# കോട്ടയം ഭദ്രാസന സെക്രട്ടറിമാർ



## പി. പി. ജോസഫ് കോറെപ്പിസ്കോപ്പ പുളിക്കപ്പറമ്പിൽ

ചെങ്ങളം സെന്റ് തോമസ് പള്ളി ഇടവകാംഗമായ വന്ദ്യ ജോസഫ് കോറെപ്പിസ്കോപ്പ പുളിക്കപ്പറമ്പിൽ യാക്കോബായ സുറിയാനി സഭയുടെ അഭിമാന ഭാജനമായിരുന്നു. 1964 ൽ പരി. പാത്രിയർക്കീസ് ബാവാ ഔഗേൻ പ്രഥമൻ ബാവായെ കിഴക്കിന്റെ കാതോലിക്കായായി വാഴിച്ചതോടെ ഒന്നായിത്തീർന്ന കോട്ടയം ഭദ്രാസനത്തിന്റെ സെക്രട്ടറിയായി അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. ദേവലോക നേതൃത്വം, മാർതോമ്മാ സിംഹാസന വാദവും സ്വതന്ത്രസഭാവാദവും ഉയർത്തിയപ്പോൾ സഭാവർക്കിംഗ് കമ്മറ്റിയിലും മാനേജിംഗ് കമ്മറ്റിയിലും ഈ നീക്കങ്ങളെ ചോദ്യം ചെയ്യുകയും സത്യവിശ്വാസികളെ സംഘടിപ്പിക്കുകയും ചെയ്തതിൽ പ്രധാനി ബഹു. അച്ചനായിരുന്നു. കോട്ടയം ഭദ്രാസനത്തിൽ സഭാംഗങ്ങൾ പാത്രിയർക്കീസ്, കാതോലിക്കാ വിഭാഗക്കാരായി പിരിഞ്ഞതോടെ ഭദ്രാസന മെത്രാപ്പോലീത്ത കാതോലിക്കാ പക്ഷത്തെ പിന്തുണച്ചു. ഇതിൽ പ്രതിഷേധിച്ച് ഭദ്രാസന സെക്രട്ടറിസ്ഥാനം അച്ചൻ രാജിവച്ചു. തുടർന്ന് യാക്കോബായ സഭയുടെ കോട്ടയം ഭദ്രാസന സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. സെന്റ് ജോസഫ്സ് കത്തീഡ്രൽ സ്ഥാപനം, ഒന്നാംഘട്ട നിർമ്മാണം, വരുമാന ഏകീകരണം, ഭദ്രാസന വൈദിക ശമ്പളപദ്ധതി തുടങ്ങിയ പ്രവർത്തനങ്ങൾ ബഹു. അച്ചന്റെ കാലത്താണ് ആരംഭിച്ചത്. 1994 മുതൽ 1999 വരെ സഭാ വൈദികട്രസ്റ്റിയായും സേവനമനുഷ്ഠിച്ചു. കോറൂസോ ദശ്റോറോ സ്ഥാനം നൽകി പരി. പാത്രിയർക്കീസ് ബാവാ അച്ചനെ ബഹുമാനിച്ചു. കോട്ടയം സി. എം.എസ്. കോളേജ് വൈസ് പ്രിൻസിപ്പലായും തിരുവാർപ്പ് പഞ്ചായത്ത് പ്രസിഡന്റായും അച്ചൻ സേവനമനുഷ്ഠിച്ചിരുന്നു. 2003 നവംബർ 30–ന് ബഹു. കോറെപ്പിസ്കോപ്പ ദിവംഗതനായി. ഭൗതീക ശരീരം ചെങ്ങളം പള്ളിയിൽ സംസ്കരിച്ചു.

SyrianChurch.org

## കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ

നാലുന്നാക്കൽ സെന്റ് ആദായീസ് പള്ളി ഇടവകാംഗമായ ബഹു. അച്ചൻ ചരിത്രകാരനും എഴുത്തുകാരനും മികച്ച വാഗ്മിയുമാണ്. ബഹു. അച്ചൻ 1992 മുതൽ കോട്ടയം ഭദ്രാസന സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു.

സെന്റ് ജോസഫ്സ് കത്തീഡ്രലിന്റെയും എം.എം.ഡി. ഹാളിന്റെയും പൂർത്തീകരണം, കോമ്പൗണ്ട് വാൾ നിർമ്മാണം, ഭദ്രാസന ജേർണൽ, വൈദിക ക്ഷേമനിധി, ബസേലിയോസ് പൗലോസ് ദ്വിതീയൻ ഫൗണ്ടേഷൻ, മോർ ജൂലിയോസ് ബുക്ക്ഷോപ്പ്, പെരു

മ്പള്ളി തിരുമേനി ഷഷ്ട്യബ്ദപൂർത്തി ചാരിറ്റി എൻഡോവ്മെന്റ്, ഭദ്രാസനം ഋണബാധ്യത നീക്കി സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ, കത്തീഡ്രൽ ആർച്ച്ഗേറ്റും കുരിശിൻതൊട്ടിയും പണികഴിപ്പിച്ചത് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തപ്പെട്ടത് ബഹു. അച്ചന്റെ കാലത്താണ്. യാക്കോബായ സഭാ വർക്കിംഗ് കമ്മറ്റി, മാനേജിംഗ് കമ്മറ്റിയംഗം, സിറിയൻ ഓർത്തഡോക്സ്-റോമൻ കത്തോലിക്കാസഭ ഐക്യസമിതി സെക്രട്ടറി, വൈദിക സെമിനാരി അദ്ധ്യാപകൻ, സഭയുടെ എക്യുമെനിക്കൽ സെക്രട്ടറി, വി. ഗ്രന്ഥം പ്രസിദ്ധീകരണ കാര്യദർശി എന്നീ നിലകളിൽ പ്രവർത്തിച്ചു. ബഹു. അച്ചന്റെ നേതൃത്വത്തിൽ രൂപീകൃതമായ 'മോർ ആദായി സ്റ്റഡിസെന്റർ' വിസ്മൃതിയിലാണ്ടുപോയ സഭാചരിത്രങ്ങളും ലേഖനങ്ങളും കൃതികളും മറ്റും പുനഃപ്രസിദ്ധീകരിച്ചും പുതിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചും വരുന്നു. സഭയുടെ സത്യവിശ്വാസങ്ങളും യഥാർത്ഥ ചരിത്രവും പുതുതലമുറകളിലേക്ക് എത്തിക്കാൻ അച്ചന്റെ ശ്രമഫലമായി സാധിച്ചു എന്നത് അഭിമാനകരമാണ്. വിശ്വാസസംരക്ഷകൻ, എഡിറ്റോറിയൽബോർഡ് ചെയർമാൻ സ്ഥാനം വഹിക്കുന്നത് മൂലയിൽ അച്ചനാണ്. കാതോലിക്കാ പക്ഷത്തിന്റെ അസത്യപ്രചാരണങ്ങളെയും വളച്ചൊടിച്ച ചരിത്രസത്യങ്ങളെയും നേരിടാൻ തൂലിക പടവാളാക്കി അച്ചൻ ഇപ്പോഴും പ്രയത്നിച്ചുകൊണ്ടിരിക്കുന്നു.

## ഏബ്രഹാം കോറെപ്പിസ്കോപ്പ തടത്തിൽ

കാനം സെന്റ് മേരീസ് പുത്തൻപള്ളി ഇടവകാംഗമായ ബഹു. അച്ചൻ ഭദ്രാസനത്തിന് മറക്കാനാവാത്ത വ്യക്തിത്വത്തിന് ഉടമയാണ്. മലങ്കര യാക്കോബായ സൺഡേ സ്കൂൾ അസോസിയേഷൻ വൈസ്പ്രസിഡന്റായും കോട്ടയം ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടറായും ബഹു. അച്ചൻ ദീർഘകാലം പ്രവർത്തിച്ചു. 1998 മുതൽ ഭദ്രാസന സെക്രട്ടറിയായി അച്ചൻ സേവനമനുഷ്ഠിച്ചു. മണർകാട് സെന്റ് മേരീസ് സ്കൂളിലെ അദ്ധ്യാപകനായും അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. 2004 മാർച്ച് 19-ന് അച്ചൻ ദിവംഗതനായി. കാനം സെന്റ് മേരീസ് പള്ളിയിൽ ഭൗതിക ശരീരം സംസ്കരിക്കപ്പെട്ടു.

## കുര്യാക്കോസ് കോറെപ്പിസ്കോപ്പ കിഴക്കേടത്ത്

മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗവും മണർകാട് പള്ളിയിലെ സഹപട്ടക്കാരനായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന അച്ചനാണ് ഇപ്പോഴത്തെ കോട്ടയം ഭദ്രാസന സെക്രട്ടറി. കിഴക്കൻമേഖലാ മഞ്ഞിനിക്കര കാൽനടതീർത്ഥയാത്രയുടെ ആരംഭംകുറിച്ച ബഹു. അച്ചൻ 30 വർഷങ്ങൾക്കു മുൻപ് മഞ്ഞിനിക്കര തീർത്ഥയാത്രയിൽ ഉപയോഗിക്കുന്നതിനുള്ള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി, പാടിയിട്ടുള്ളത് ഏവരുടേയും സ്നേഹബഹുമാനാദരവുകൾ പിടിച്ചുപറ്റിയിരുന്നു. പ്രത്യേകിച്ച് ''ശെമവൂനെ നിന്റേമേൽ ഞാൻ എന്റെ സഭയെ പണിയും'' എന്നുള്ള ഗാനം ഇന്നും ഏവരുടേയും മനസ്സുകളിൽ നിറഞ്ഞുനിൽക്കുന്നു. സഭാമാനേജിംഗ് കമ്മറ്റി മെംബർ, വർക്കിംഗ് കമ്മറ്റി മെംബർ എന്നീ നിലകളിലും അച്ചന്റെ സേവനങ്ങൾ ശ്ലാഘനീയമാണ്. വളരെ ചുരുങ്ങിയ കാലംകൊണ്ട് ഏറെ മനോഹരമായ നിലയിൽ എല്ലാവിധ സംവിധാനങ്ങളോടുംകൂടി ബിഷപ്പ് ഹൗസ് പൂർത്തീകരിക്കുന്നതിനും, സെന്റ് ജോസഫ്സ് കത്തീഡ്രൽ മനോഹരമാക്കുന്നതിനും ഭദ്രാസന സെക്രട്ടറി എന്ന നിലയിൽ അച്ചന്റെ സേവനം പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

syriacchurch.org